File No.LSGD-IA1/319/2019-LSGD

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - കുടുംബശ്രീ - 2019-20 സാമ്പത്തിക വർഷത്തെ പ്ലാൻ ഫണ്ടിൽ നിന്നും 23.64 കോടി രൂപ പിൻവലിക്കുന്നതിനും സംസ്ഥാനത്ത് കോവിഡ്-19 വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ ബഹു.മുഖ്യമന്ത്രി പ്രഖ്യാപിച്ച ആശ്വാസ നടപടികളുടെ ഭാഗമായ 20 രൂപയ്ക്ക് ഉച്ചയൂണ് വിതരണം നടത്തുന്നതിനു വേണ്ടി 'Corpus Fund to Kudumbashree for setting up of 1000 community Kitchens'-ന്റെ പ്രാരംഭ ചെലവുകൾക്കായി പ്രസ്തുത തുക വിനിയോഗിക്കുന്നതിനും അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഐ.എ) വകുപ്പ്**

**സ.ഉ.(സാധാ) നം.715/2020/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 27/03/2020

---

പരാമർശം:- 1 03/07/2018-ലെ സ.ഉ.(പി.)നം.100/2018/ഫിൻ.

2 03/04/2019-ലെ സ.ഉ.(സാധാ.)നം.798/2019/ത.സ്വ.ഭ.വ.

3 26/10/2019-ലെ സ.ഉ.(സാധാ.)നം.2385/2019/ത.സ്വ.ഭ.വ.

4 28/10/2019-ലെ സ.ഉ.(സാധാ.)നം.2395/2019/ത.സ്വ.ഭ.വ.

5 കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 16/11/2019, 05.03.2020 എന്നീ തീയതികളിലെ 2655/എ/2019/കെ.എസ്.എച്ച്.ഒ. നമ്പർ കത്തുകൾ.

6 ധനകാര്യവകുപ്പിന്റെ 23.03.2020-ലെ 1152820/ഡബ്ല.2/107/2019-ഫിൻ നമ്പർ അനൗദ്യോഗിക കുറിപ്പ്.

7 26/03/2020-ലെ സ.ഉ.(സാധാ.)നം.713/2019/ത.സ്വ.ഭ.വ.

**<u>ഉത്തരവ്</u>**

2019-20 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് വിഹിതമായി '2515-00-800-48-PV' എന്ന ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള ₹ 183.25 കോടി രൂപയിൽ ₹ 91.63 കോടി രൂപ ഒന്നാം ഗഡുവായും, ₹ 13 കോടി രൂപ രണ്ടാം ഗഡുവായും യഥാക്രമം പരാമർശം (2),(3) ഉത്തരവുകൾ പ്രകാരം കുടുംബശ്രീയ്ക്ക് അനുവദിച്ചിരുന്നു. ടി ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള ശേഷിക്കുന്ന തുക അനുവദിക്കണമെന്ന് കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ പരാമർശം (5)-ലെ കത്തുകൾ പ്രകാരം അഭ്യർത്ഥിക്കുകയുണ്ടായി.

(2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. നടപ്പ് സാമ്പത്തിക വർഷത്തിൽ "2515-00-800-48 (PV)" എന്ന ശീർഷകത്തിൽ കുടുംബശ്രീയ്ക്ക് വകയിരുത്തിയിട്ടുള്ള 183.25 കോടി രൂപയുടെ 30% പ്ലാൻ കട്ടും അനുവദിച്ച തുകയായ 104.63 കോടി രൂപയും കഴിഞ്ഞ് ശേഷിക്കുന്ന 23.64 കോടി രൂപ (ഇരുപത്തിമൂന്ന് കോടി അറുപത്തിനാല് ലക്ഷം രൂപ മാത്രം) പിൻവലിക്കുന്നതിന് അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു. പ്രസ്തുത തുക, സംസ്ഥാനത്ത് കോവിഡ്-19 വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ ബഹു.മുഖ്യമന്ത്രി പ്രഖ്യാപിച്ച ആശ്വാസ നടപടികളുടെ ഭാഗമായ 20 രൂപയ്ക്ക് ഉച്ചയൂണ്

Scanned by CamScanner

File No.LSGD-IA1/319/2019-LSGD

വിതരണം നടത്തുന്നതിനു വേണ്ടി 'Corpus Fund to Kudumbashree for setting up of 1000 Community Kitchens'-ന്റെ പ്രാരംഭ ചെലവുകൾക്കായി വിനിയോഗിക്കേണ്ടതാണ്.

(3) തദ്ദേശ സ്വയംഭരണ വകുപ്പിലെ ഡ്രോയിംഗ് & ഡിസ്ബേഴ്സിംഗ് ഓഫീസർ ടി തുക കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ അക്കൗണ്ടിലേക്ക് കൈമാറ്റം ചെയ്യേണ്ടതും കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ തുക വിനിയോഗം സംബന്ധിച്ച സർട്ടിഫിക്കറ്റ് യഥാസമയം ലഭ്യമാക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
മിനിമോൾ ഡി
ജോയിന്റ് സെക്രട്ടറി

എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം
ജില്ലാ ട്രഷറി, തിരുവനന്തപുരം
ഡ്രോയിംഗ് & ഡിസ്ബേഴ്സിംഗ് ഓഫീസർ, തദ്ദേശ സ്വയംഭരണ വകുപ്പ്
തദ്ദേശ സ്വയംഭരണ(എഫ്.എം) വകുപ്പ്
ധനകാര്യ (ഡവലപ്മെന്റ്) വകുപ്പ് (19.03.2020-ലെ ഡവ.2/107/2019-ഫിൻ പ്രകാരം)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) (എൽ.ബി.എ) കേരളം, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Scanned by CamScanner